## പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 163** — **01.12.2014 -ലെ മറുപടിക്ക്**

### ശ്രീ. എം.ബി. ബാലകൃഷ്ണനെ കൊലപ്പെടുത്തിയ കേസ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. കുഞ്ഞിരാമൻ ഉദുമ** | **ശ്രീ. രമേശ് ചെന്നിത്തല** (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ ഇക്കഴിഞ്ഞ തിരുവോണനാളിൽ ഉദുമ മാങ്ങാട് സ്വദേശി ശ്രീ. എം.ബി. ബാലകൃഷ്ണനെ കൊലപ്പെടുത്തിയ കേസിലെ പ്രതികളെ പിടികിട്ടാനുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ ഈ പ്രതികൾ ആരൊക്കെയാണ്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) കേസിലെ ആറാം പ്രതിയായ ഷിബു, S/o. കുഞ്ഞി കേളു നായർ, ചെറിയ മാങ്ങാട്, മാങ്ങാട് എന്നയാളെയും ഏഴാം പ്രതിയായ അബ്ദുൾ മജീദ് @ മജീദ്, S/o. ആഞ്ഞുക്ക, വെടിക്കുന്ന് റോഡ്, ബാര വില്ലേജ് എന്നയാളെയുമാണ് അറസ്റ്റുചെയ്യുവാൻ ബാക്കിയുള്ളത്. ടി പ്രതികളുടെ പേരിൽ സെക്ഷൻ 111 ഐ.പി.സി. പ്രകാരമുള്ള കുറ്റമാണ് ചുമത്തിയിട്ടുള്ളത്. |
| (സി) ബാലകൃഷ്ണൻ കൊലചെയ്യപ്പെടുന്ന സമയത്ത് പ്രസ്തുത പ്രതികൾ ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുടെയോ പോഷക സംഘടനകളുടെയോ ഭാരവാഹികളായിരുന്നോയെന്ന് വ്യക്തമാക്കുമോ; | (സി) അറസ്റ്റ് ചെയ്യുവാൻ ബാക്കിയുള്ള പ്രതികളിൽ 6-ാം പ്രതി യൂത്ത് കോൺഗ്രസ് (ഐ) ഉദുമ മണ്ഡലം മുൻ പ്രസിഡന്റും, 7-ാം പ്രതി ഐ.എൻ.റ്റി.യു.സി. ഉദുമ മണ്ഡലം പ്രസിഡന്റുമാണ്. |
| (ഡി) ഇവരെ പിടികൂടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | ഈ കേസിന്റെ തുടർന്നുള്ള അന്വേഷണത്തിനായി കാഞ്ഞങ്ങാട് ഡി.വൈ.എസ്.പി.യെ ചുമതലപ്പെടുത്തിയിട്ടുള്ളതും മേൽ പ്രതികളെ കണ്ടെത്തുന്നതിനായി ഊർജ്ജിതമായ അന്വേഷണം നടത്തിവരികയുമാണ്. |

സെക്ഷൻ ഓഫീസർ